എൻട്രൻസ് പരീക്ഷയിലൂടെ പ്രവേശനം നേടിയവർ

127(3048) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് എത്ര വിദ്യാർത്ഥികൾ മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിലൂടെ പ്രവേശനം നേടിയെന്ന് അറിയിക്കുമോ ;

(ബി) ജനറൽ വിഭാഗത്തിലും സംവരണ വിഭാഗത്തിലും പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ജാതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രവേശനം പൂർത്തിയായിട്ടും മെഡിക്കൽ കോളേജുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും എത്രവീതം സീറ്റുകൾ ഒഴിവുണ്ടെന്നും ഇവ ഒഴിഞ്ഞുകിടക്കാൻ കാരണമെന്തെന്നും വ്യക്തമാക്കുമോ;

(ഡി) ഈ ഒഴിവുകൾ ജനറൽ വിഭാഗത്തിൽ എത്രയെന്നും സംവരണ വിഭാഗത്തിൽ എത്രയെന്നും ജാതി അടിസ്ഥാനത്തിൽ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ സീറ്റിൽ ഈ അദ്ധ്യയന വർഷത്തിൽ 28483 വിദ്യാർത്ഥികൾക്ക് മെഡിക്കൽ-എഞ്ചിനീയറിംഗ് അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. അലോട്ട്മെന്റിനുശേഷം ഒഴിവ് വന്ന സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തുവാൻ പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കോഴ്സ് തിരിച്ചുള്ള അലോട്ട്മെന്റ് വിവരം ചുവടെ ചേർക്കുന്നു :

കോഴ്സ്	പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നൽകിയ വിദ്യാർത്ഥികളുടെ എണ്ണം
എഞ്ചിനീയറിംഗ്	23782
ആർക്കിടെക്ചർ	609
മെഡിക്കൽ	4092
ആകെ	28483

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനറൽ വിഭാഗത്തിലും സംവരണ വിഭാഗത്തിലും പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ജാതി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

വിഭാഗം			അലോട്ട്മെന്റ് നൽകിയ ആകെ വിദ്യാർത്ഥികളുടെ എണ്ണം
I	ജനറൽ		19611
II		എസ്.ഇ.ബി.സി.	
I	1	ഈഴവ	1520
	2	മുസ്ലീം	1319
	3	ബാക്ക്വേഡ് ഹിന്ദു	836
	4	ലാറ്റിൻ കാത്തലിക്	308
	5	ബാക്ക്വേഡ് ക്രിസ്ത്യൻ	137
	6	കുടുംബി	107
III		എസ്.സി./എസ്.റ്റി.	
	1	പട്ടികജാതി	1477
	2	പട്ടികവർഗ്ഗം	141

ബാക്കിയുള്ള സീറ്റുകളിൽ മാനേജ്മെന്റ് കാറ്റഗറി, കമ്മ്യൂണിറ്റിക്വാട്ട, സ്പെഷ്യൽ റിസർവേഷൻ എന്നീ വിഭാഗങ്ങളിലായാണ് അലോട്ട് ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അലോട്ട്മെന്റിനുശേഷം ഒഴിവുവന്ന സീറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു :

കോഴ്സ്	അലോട്ട്മെന്റിനുശേഷംഒഴിവുവന്ന സീറ്റുകളുടെ എണ്ണം
എഞ്ചിനീയറിംഗ്	12181
ആർക്കിടെക്ചർ	99
മെഡിക്കൽ കോഴ്സുകൾ.	
എം.ബി.ബി.എസ്.	06
ബി.ഡി.എസ്.	113
ആയുർവ്വേദ	47
ഹോമിയോ	19
സിദ്ധ	10

മുകളിൽ സൂചിപ്പിച്ച ഒഴിവുകൾ എം.ബി.ബി.എസ്/ബി.ഡി.എസ്. ഒഴികെ മറ്റ് സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ വഴി നികത്തുവാൻ ബന്ധപ്പെട്ട കോളേജ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എം.ബി.ബി.എസ്./ബി.ഡി.എസ്. ഒഴികെ മറ്റ് കോഴ്സുകളിലേയ്ക്ക് ആവശ്യമുള്ള ഓപ്ഷൻ വിദ്യാർത്ഥികൾ സമർപ്പിക്കാത്തതിനാലും അനാവശ്യ ഓപ്ഷൻ നൽകിയതിനുശേഷം വിദ്യാർത്ഥികൾ ജോയിൻ ചെയ്യാത്തതും മൂലമാണ് ഒഴിവുകൾ ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അലോട്ട്മെന്റിനുശേഷം ഒഴിവുവന്ന സീറ്റുകളിൽ ജനറൽ വിഭാഗത്തിലെ എണ്ണവും, സംവരണ വിഭാഗത്തിലെ ജാതിതിരിച്ച എണ്ണവും ചുവടെ ചേർക്കുന്നു :

വിഭാഗം			എഞ്ചിനീയറിംഗ്	ആർക്കിടെക്ചർ	മെഡിക്കൽ
I	ജനറൽ		9739	78	94
II			എസ്.ഇ.ബി.സി.		
	1	ഈഴവ	303	5	27
	2	മുസ്ലീം	252	7	25
	3	ബാക്ക്വേഡ് ഹിന്ദു	141	4	22
	4	ലാറ്റിൻ കാത്തലിക്	30	3	05
	5	ബാക്ക്വേഡ് ക്രിസ്ത്യൻ	10	-	-
	6	കടുംബി	5	-	01
III			എസ്.സി./എസ്.ടി.		
	1	പട്ടികജാതി	417	01	16
	2	പട്ടികവർഗ്ഗം	459	-	01

ബാക്കി ഒഴിവുള്ള സീറ്റുകൾ മാനേജ്മെന്റ് കാറ്റഗറി, കമ്മ്യൂണിറ്റി ക്വാട്ട, സ്പെഷ്യൽ റിസർവേഷൻ എന്നീ വിഭാഗങ്ങളിലുള്ളവയാണ്.

LIBRARY ARCHIVES Kerala Legislative Assembly